# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/181/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 27

**എം. ജി : ജൈവസന്ദേശപ്രചാരണത്തിന് കൈതപ്രത്തിന്റെ വരികൾ**

മഹാത്മാഗാന്ധി സർവ്വകലാശാല ജൈവം പദ്ധതിയുടെ സന്ദേശപ്രചാരണത്തിനായി കൈതപ്രം ദാമോദരൻ നമ്പൂതിയിരുടെ 'ജൈവം, ജൈവം, നാടിനുവേണം വീടിനു വേണം, നിലനില്പിന്റെ ജൈവവസന്തം' എന്നു തുടങ്ങുന്ന വരികൾ സർവ്വകലാശാലാ വിദ്യാർത്ഥികൾ ഏറ്റുപാടും. ശുദ്ധസന്ന്യാസി രാഗത്തിൽ കൈതപ്രത്തിന്റെ മകനും സംഗീത സംവിധായകനുമായ ദീപാങ്കുരനാണ് ഈണം നൽകിയത്. ജൈവഗീതത്തിന്റെ പ്രകാശനം ചെവ്വാഴ്ച ജൈവപദ്ധതിയുടെ ഉദ്ഘാടനവേളയിൽ നിർവ്വഹിക്കും.ജൈവഗീതം അമലഗിരി ബി. കെ. കോളേജിലെ 50 വിദ്യാർത്ഥിനികളടങ്ങുന്ന ഗായകസംഘമാണ് ആലപിക്കുന്നത്.

സർവ്വകലാശാലാ സ്പോർട്സ് ഗ്രൗ ിൽ നാളെ (ആഗസ്റ്റ് 29) രാവിലെ 10 മണിക്ക് പതിനായിരം പേർ പങ്കെടുക്കുന്ന വർണ്ണാഭമായ ചടങ്ങിൽ ജൈവം പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അദ്ധ്യക്ഷതവഹിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**